II.ഇ.ബി. XIII-കേരള നിയമസഭ/I -1

## പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2011 ജൂൺ 27, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പരിനെ സൂചിപ്പിക്കുന്നു)

ചോദ്യവുമായി ബന്ധപ്പെട്ട ക്രമപ്രശ്നമുന്നയിക്കാൻ അനുവാദം കൊടുക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സീറ്റ് വിട്ട് മുൻനിര യുടെ സമീപം കൂട്ടംകൂടി നിന്ന് മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.

1 (*1) **മണി ചെയിൻ തട്ടിപ്പിനെതിരെ നടപടി**

മുഖ്യമന്ത്രി (ശ്രീ.ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, നെറ്റ് വർക്ക് മാർക്കറ്റിംഗ്, മണി ചെയിൻ തുടങ്ങിയവയുടെ പേരിൽ സംസ്ഥാനത്ത് നടക്കുന്ന സാമ്പത്തിക ഇടപാടുകളും തട്ടിപ്പും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്ന എല്ലാ കേസു കളും സി. ബി. സി. ഐ. ഡി. (Economic Offence Wing) -യ്ക്ക് കൈമാറു വാനും അന്വേഷണത്തിന്റെ മുഴുവൻ നിരീക്ഷണ ചുമതലയും അഡീഷണൽ

ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്)-നെ ഏൽപ്പിച്ച് ദ്രുതഗതിയിൽ അന്വേഷണം പൂർത്തിയാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വ്യാജ ബാങ്ക് അക്കൗണ്ടുകളിലൂടെ ഇത്തരം തട്ടിപ്പ് നടത്തിയ കമ്പനികളുടെ ബാങ്ക് ഇടപാടുകൾ മരവിപ്പിക്കുവാനും ഇക്കാര്യം റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തട്ടിപ്പുകൾക്കായി കമ്പനികൾ ഉപയോഗിച്ചിരുന്ന വെബ്സൈറ്റുകൾ, സെർവറുകൾ, കമ്പ്യൂട്ടറുകൾ, എസ്. എം. എസ്സുകളുടെ ഉറവിടങ്ങൾ എന്നിവ കണ്ടെത്തുവാനായി പോലീസ് ആസ്ഥാനത്തെ ഹൈ-ടെക് സെല്ലും, ജില്ലകളിലെ സൈബർ സെല്ലുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികളെടുക്കുകയും ഇത്തരം തട്ടിപ്പുകൾ നിയന്ത്രിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിഷ്കർഷിച്ചുകൊണ്ട് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. തട്ടിപ്പുകൾക്ക് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും കർശന നടപടികൾ സ്വീകരിക്കും. മണി ചെയിൻ തട്ടിപ്പ് തടയുന്നതിന് ഇപ്പോഴുള്ള നിയമത്തിൽ പോരായ്മയുണ്ടെങ്കിൽ പുതിയ നിയമനിർമ്മാണമുൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതാണ്. ജനങ്ങളെ ആകർഷിച്ച് തട്ടിപ്പിന് വിധേയമാക്കുന്ന പരസ്യങ്ങൾ നിരുത്സാഹപ്പെടുത്തുന്നതിന് ചില നിബന്ധനകൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. നെറ്റ് വർക്ക് മാർക്കറ്റിംഗിലൂടെ അമിതമായ വിലയ്ക്ക് ലഭ്യമാക്കുന്ന ക്വാളിറ്റിയില്ലാത്ത മരുന്നുകൾ ഉപയോഗിക്കുന്നതുകൊണ്ടുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ വളരെ ഗൗരവമായി കാണുന്നതോടൊപ്പംതന്നെ ഇത് നിയന്ത്രിക്കുന്നതിന് എല്ലാവിധ നിയമ നടപടികളും സ്വീകരിക്കുന്നതാണ്. ജ്വല്ലറികൾ മണി ഡെപ്പോസിറ്റ് സ്വീകരി

ക്കുന്നത് സംബന്ധിച്ച് അന്വേഷിച്ച് കുറ്റക്കാർക്കെതിരെ കർശന നടപടിയെടുക്കുന്നതാണെന്നും ഫ്ളാറ്റുകളുടെ പേരിൽ നടക്കുന്ന തട്ടിപ്പുകൾ നിയന്ത്രിക്കാനായി റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം നമ്പർ *2, *3, *4, *5, *6, *7, *8, എന്നിവ ഉന്നയിക്കപ്പെട്ടില്ല)

2 (*9) <u>സർക്കാർ കേസുകൾ വാദിക്കുന്നതിന് പുറത്തു നിന്നുള്ള അഭിഭാഷകരെ നിയോഗിക്കുന്ന സംവിധാനം</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി) നൽകിയ മറുപടിയിൽ, കേരള ഹൈക്കോടതിയിൽ 13 സർക്കാർ കേസുകൾ വാദിക്കുന്നതിനായി പുറത്തുനിന്നുള്ള സീനിയർ അഭിഭാഷകരായ സർവ്വശ്രീ എ. മജുംദാർ, അമരേന്ദ്രശരൺ, സി .എസ്. വൈദ്യനാഥൻ, നിദീഷ് ഗുപ്ത, ദേബി പ്രസാദ് പാൽ, ജയദീപ് ഗുപ്ത, ആർ.കെ. ആനന്ദ്, ആർ. വെങ്കിട്ട രമണി, രജീന്ദ്ര സച്ചാർ, അരവിന്ദ് പി. ദത്തർ എന്നിവരെയാണ് നിയോഗിച്ചിട്ടുള്ളതെന്ന് സഭയെ അറിയിച്ചു. പുറത്തുനിന്നുള്ള അഭിഭാഷകർക്ക് ഫീസിനത്തിൽ നൽകിയ തുക സംബന്ധിച്ച് പൊരുത്തക്കേടുകൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരം ഗവൺമെന്റ് കൊടുക്കുന്ന സാങ്ഷൻ അനുസരിച്ചാണ് പുറത്തുനിന്നുള്ള അഭിഭാഷകരെ കേസ്സുകൾ വാദിക്കാൻ നിയോഗിക്കുന്നത്. സർക്കാർ അംഗീകൃത പാനലിലുള്ള സർവ്വശ്രീ ടി.എൽ. വിശ്വനാഥ അയ്യർ, കെ പരാശരൻ, പി.പി. റാവു, കെ. കെ. വേണുഗോപാൽ,

ഗോപാൽ സുബ്രഹ്മണ്യം എന്നിവരെ 156 കേസുകളിലും സർവ്വശ്രീ എം.എൽ. വർമ്മ, സി.എസ്. രാജൻ, സി.എസ്. വൈദ്യനാഥൻ, നാഗേശ്വര റാവു, പി. കൃഷ്ണമൂർത്തി, ജയദീപ് ഗുപ്ത, ജെ.സി. ഗുപ്ത, സോളി സൊറാബ്ജി, മരിയാർപ്പുതം, പരംജിത് സിങ് പട് വാലിയ, യശോബന്ത് ദാസ്, ടി.ആർ. അന്ത്യാർജ്ജുന, അരവിന്ദ് വി. സാവന്ത്, കെ.എൻ.ഭട്ട്, വി. ഗിരി, അനിൽദിവാൻ, ദിനേശ് ദ്വിവേദി, രാകേഷ് ദ്വിവേദി, വി.ശേഖർ, രാജു രാമ ചന്ദ്രൻ, അശോക് എച്ച്. ദേശായി, രാജീവ് ധവാൻ, രജീന്ദ്ര സച്ചാർ, യു.വി. ലലിത്, അൽത്താഫ് അഹമ്മദ്, ജി. വാഹ്ൻവദി, ശാന്തിഭൂഷൺ, ആർ. വെങ്കിട്ടരമണി എന്നീ സീനിയർ അഭിഭാഷകരെ 132 കേസ്സുകളിലുമാണ് നിയോഗിച്ചത്. സർക്കാർ ഖജനാവിൽനിന്ന് തുക ചെലവാക്കി പുറത്തു നിന്നുള്ള അഭിഭാഷകരെ ആവശ്യമില്ലാത്ത കാര്യങ്ങൾക്ക് നിയോഗിച്ചതായി ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(ചോദ്യ കർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം നമ്പർ *10 ഉന്നയിക്കപ്പെട്ടില്ല)

3(*11) <u>വിഴിഞ്ഞം തുറമുഖ പദ്ധതി</u>

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) നൽകിയ മറുപടിയിൽ, വിഴിഞ്ഞം തുറമുഖ പദ്ധതിക്കായി 6 കുടുംബങ്ങൾ വീടും സ്ഥലവും വിട്ടു നൽകിയതായും പ്രസ്തുത കുടുംബങ്ങൾക്ക് വിതരണം നടത്തേണ്ട ഭൂമി സ്പെഷ്യൽ തഹസിൽദാരുടെ അദ്ധ്യക്ഷതയിൽ ലോട്ട് ഇട്ട് എടുക്കുകയും ആധാരം നടത്തിക്കൊടുക്കുകയും ചെയ്തതായും

ഭൂമി വിതരണം ഈ മാസം നടത്താൻ നിശ്ചയിച്ചിട്ടുള്ളതായും സഭയെ അറിയിച്ചു. വീടും സ്ഥലവും വിട്ടുകൊടുക്കുന്നവർക്ക് ഭൂമിയുടെ വിലയും വീട് നഷ്ടപ്പെടുന്നവർക്ക് അഞ്ചുസെന്റ് സ്ഥലവും കൊടുക്കാനാണ് പാക്കേജ് തയ്യാറാക്കിയിരിക്കുന്നത്. ഈ കുടുംബങ്ങൾക്ക് ജോലി ലഭ്യമാക്കുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്. വിഴിഞ്ഞം പദ്ധതിയുടെ പുനരധിവാസ പാക്കേജിൽ വ്യവസ്ഥ ചെയ്തിരുന്ന ആറുമാസത്തെ ലൈവ്‌ലിഹുഡ്ഡും ആറുമാസത്തെ വാടകയും സംബന്ധിച്ച കാര്യങ്ങൾ ഡിസ്ട്രിക്റ്റ് ലെവൽ പർച്ചേസ് കമ്മിറ്റിയിൽ തീരുമാനിക്കുന്നതാണ്. പദ്ധതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനും സ്ഥലം ഏറ്റെടുക്കുന്നതിനുമായി നടപ്പു സാമ്പത്തിക വർഷം 250 കോടി രൂപ നീക്കി വയ്ക്കാൻ ഉദ്ദേശിക്കുന്നു. പദ്ധതിയുടെ നടത്തിപ്പിനായി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എന്ന ഒരു പൊതുമേഖലാ സ്ഥാപനം രൂപീകരിക്കുകയും ആ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു. തുറമുഖ നിർമ്മാണത്തിന്റെ ഭാഗമായി റോഡിനും റെയിൽവേയ്ക്കും വേണ്ടിയുള്ള സ്ഥലമെടുപ്പ് പൂർത്തീകരിക്കുന്നതിനായി നിയോഗിച്ച ആർ.വി.എൽ-ന്റെ സർവ്വേ റിപ്പോർട്ട് ഉടനെ ലഭ്യമാക്കുന്നതാണ്. കക്ഷി രാഷ്ട്രീയത്തിനതീതമായി ജനങ്ങളെ സഹകരിപ്പിച്ചുകൊണ്ട് ഈ പദ്ധതി പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് മന്ത്രി അറിയിച്ചു. വിഴിഞ്ഞം തുറമുഖ പദ്ധതി സംബന്ധിച്ച പരിസ്ഥിതി ആഘാത പഠനത്തിനായുള്ള കമ്മിറ്റി രൂപീകരിക്കാനുള്ള നോട്ടിഫിക്കേഷൻ ഇറക്കാൻ കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ഒരു ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് മുഖ്യമന്ത്രി വ്യക്തമാക്കി.

(ചോദ്യ കർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം നമ്പർ *12 ഉന്നയിക്കപ്പെട്ടില്ല)

4(*13) <u>തുറമുഖ നയം</u>

എക്സൈസും തുറമുഖവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2004-ൽ രൂപീകരിച്ച തുറമുഖ നയമാണ് ഇപ്പോഴും അനുവർത്തിച്ചു വരുന്ന തെന്നും അഴീക്കൽ, പൊന്നാനി, ബേപ്പൂർ, കൊടുങ്ങല്ലൂർ, ആലപ്പുഴ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളുടെ വികസനത്തിന് മുൻഗണന നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും സഭയെ അറിയിച്ചു. മലബാർ മേഖലയിൽ പൊന്നാനി, ബേപ്പൂർ, അഴീക്കൽ എന്നീ ചെറുകിട തുറമുഖങ്ങളെ സ്വകാര്യ പങ്കാളിത്ത ത്തോടെ വികസിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്തെ തുറമുഖങ്ങളെ ബന്ധപ്പെടുത്തി കോസ്റ്റൽ ഷിപ്പിംഗ് പദ്ധതി നടപ്പിലാക്കാൻ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ഇതിന്റെ നടത്തിപ്പ് സുഗമമാക്കാനായി ബന്ധപ്പെട്ടവരുടെ ഒരു വർക്ക് ഷോപ്പ് സംഘടിപ്പിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. കൂടാതെ ഈ പദ്ധതിക്ക് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ വില യിരുത്തുന്നതിന് ഒരു കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ബേപ്പൂർ, അഴീക്കൽ, കൊല്ലം, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളുടെ വികസന പ്രവർത്തന ങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി ഈ ആഴ്ചയിൽത്തന്നെ നാല് യോഗങ്ങൾ ചേരാൻ നിശ്ചയിച്ചിട്ടുണ്ട്; പ്രസ്തുത പ്രദേശവുമായി ബന്ധപ്പെട്ട അംഗങ്ങളെ യോഗ വിവരം അറിയിക്കുന്നതാണ്. കാലഘട്ടത്തിന്റെ മാറ്റത്തിനനുസരിച്ച് തുറമുഖങ്ങളെ വികസിപ്പിക്കാനും അതിന്റെ സാധ്യതകൾ പ്രയോജനപ്പെടു ത്താനും ആവശ്യമായ തുറമുഖ നയം ഗവൺമെന്റ് പ്രഖ്യാപിക്കുന്നതാണ്.

തുറമുഖങ്ങളുടെ ചരിത്ര പശ്ചാത്തലം പരിശോധിക്കുന്നതിന് ആവശ്യമായ സമിതി രൂപീകരിക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിന് മറുപടിയായി മന്ത്രി വ്യക്തമാക്കി.

5(*14) <u>മാന്ദ്യ വിരുദ്ധ പാക്കേജ്</u>

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, പുതിയ ബഡ്ജറ്റിന് രൂപം കൊടുത്തുകൊണ്ടിരിക്കുന്നതിനാൽ നയപരമായ കാര്യങ്ങളെപ്പറ്റി അന്തിമ തീരുമാനം എടുക്കുന്നതേയുള്ളു വെന്നും ജൂലൈ 8-ാം തീയതി അവതരിപ്പിക്കുന്ന ബഡ്ജറ്റിലും തുടർന്ന് അവതരിപ്പിക്കുന്ന ധവള പത്രത്തിലും സംസ്ഥാനത്തിന്റെ ധനസ്ഥിതിയുടെ വിലയിരുത്തൽ ഉണ്ടാകുന്നതാണെന്നും സഭയെ അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 231 വരെയുള്ള ചോദ്യങ്ങളിൽ 124 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)